പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T. 2304 | 18.02.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

## ഭക്ഷ്യ സുരക്ഷാ നിയമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.എൻ.എ.ഖാദർ** | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | അർബുദത്തിന് കാരണമാകുമെന്ന് കണ്ടെത്തിയിട്ടുള്ള 'മോണോ സോഡിയം ഗ്ലൂട്ടമേറ്റ്" അടങ്ങിയിട്ടുള്ള ഭക്ഷണപദാർത്ഥങ്ങളുടെ വിപണനം തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;വിശദമാക്കാമോ; | എ) | 'മോണോ സോഡിയം ഗ്ലൂട്ടമേറ്റ്' അർബുദത്തിന് കാരണമാകുമെന്ന് കണ്ടെത്തിയ പഠന റിപ്പോർട്ട് ലഭ്യമല്ല. ഭക്ഷണപദാർത്ഥങ്ങളിൽ നിശ്ചിതമായ അളവിലുള്ള ഇവയുടെ ഉപയോഗം 2006 ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേഴ്സ് ആക്ട് ചില ഭക്ഷണ സാധനങ്ങളിൽ അനുവദിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ഭക്ഷണപദാർത്ഥങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് ക്രമാതീതമായ അളവിൽ മോണോ സോഡിയം ഗ്ലൂട്ടമേറ്റ്. പരിശോധനഫലത്തിന്റെ അടിസ്ഥാനത്തിൽ, കണ്ടെത്തുന്നപക്ഷം ഉത്തരവാദികൾക്കെതിരെ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ച് അനന്തര നിയമനടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ലംഘിച്ച് ഭക്ഷണ പദാർത്ഥങ്ങൾ നിർമ്മിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്ന കമ്പനികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; | ബി) & സി) | ഭക്ഷ്യപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന എല്ലാ ത്തരം കമ്പനികളുടെയും സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുന്നതും നിശ്ചിതനിലവാരമില്ലാത്തതോ മായം ചേർത്തതായോ കണ്ടെത്തുന്ന പക്ഷം പ്രസ്തുത കമ്പനികൾക്കെതിരെ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കും പ്രകാരം അഡ്ജ്യുഡിക്കേഷനും പ്രോസിക്യൂഷനും അടക്കമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | പ്രസ്തുത കമ്പനികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമം പര്യാപ്തമാണോ; അല്ലാത്തപക്ഷം ഇത് ഭേദഗതി ചെയ്യുന്ന കാര്യം പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ